HON'BEL MR. E. K. MADHAVAN: കരമന വ_ാംനമ്പർ ചാരായഷാപ്പിൽ

ഫ ഫ ഫ വ_ൽ	ൈ ൈ ഗ്യാലന്നം
ഫ ഫ ഫൻ-ൽ	ൻന്ന ഗ്യാലന്നം
ഫ ഫ ഫ ഠ-ൽ	ൈ ൈ ഗ്യാലന്നം
ഫ ഫ ഫ ഫ-ൽ	ഫ ഫ ൈന്ന ഗ്യാലന്നം
ഫ ഫ ഫ ഫ-ൽ	ൻ ഠ ഠ ഗ്യാലന്നം
ഫ ഫ ഫ നു-ൽ	ഫ ഫ ഠ ഠ ഗ്യാലന്നം എട്ടത്തിട്ടുണ്ട്.

കാട്ടാക്കട ഫ-ാം നമ്പർ ചാരായഷാപ്പിൽ

ഫ ഫ ഫ വ-ൽ	ഫ വ ഫ ൈ ഗ്യാലന്നം
ഫ ഫ ഫൻ-ൽ	ഫ ഫ വ ന്ന ഗ്യാലന്നം
ഫ ഫ ഫ ഠ-ൽ	ഫ ഫ വ ൈ ഗ്യാലന്നം
ഫ ഫ ഫ ഫ-ൽ	ഫ ൈ ൈൻ ഗ്യാലന്നം
ഫ ഫ ഫ ഫ-ൽ	ഫ ൈ ഠ ഠ ഗ്യാലന്നം
ഫ ഫ ഫ നു-ൽ	ഫ നു ഠ ഠ ഗ്യാലന്നം എട്ടത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നഷ്ടം പരിഹരിക്കുന്നതിന് നിവൃത്തിയില്ലെന്നതീരുമാനിച്ചു.

ആലപ്പുഴ—അരൂർ ലൈൻ.

*476 MR. S. KUTTAN : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ടാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ആലപ്പുഴ—അരൂർ ലൈൻ ഡിപ്പാർട്ടുമെൻറിൽ നിന്നും ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ?

(സി) ഇടയ്ക്കുള്ള കൊല്ലം—ആലപ്പുഴ ലൈൻ ഏറ്റെടുക്കുന്നതിനു മുൻപു അതിനപ്പുറമുള്ള ഒരു ലൈൻ ഏറ്റെടുക്കുന്നതിനു പ്രത്യേക കാരണം വല്ലതും ഉണ്ടോ?

HON'BLE MR. K. R. ELANKATH : (എ) അതേ. ഉണ്ട്.

(ബി) ഫ ഠ മീനം ഒന്നാം തീയതി മുതൽ

(സി) ഉണ്ട്.

MR. P. K. KRISHNAN SASTRI (*Meenachil II—General*) : ഇതിനു വേണ്ടി എന്തു നടപടി നടത്തിയിട്ടുണ്ട്.

HON'BLE MR. K. R. ELANKATH : ബസ്സുകൾ തയാറാക്കിയിട്ടുണ്ട്. കൺ ക്ടറന്മാരെയും ഡ്രൈവറന്മാരേയുംനിയമിക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. EAPPAN ARAKKAL: ഈലൈൻ ഗവണ്മെൻറിലേക്കെടുക്കുന്നതിൽ നിന്നും ഉപദ്രവം ഉണ്ടാകുന്നവക്ക് മറു് ലൈനകം കൊടുക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : അതിനേർപ്പാട് ചെയ്തിട്ടുണ്ട്.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : ഈ ലൈൻ ഗവണ്മെൻറു് എടുക്കുന്നതുകൊണ്ട് അവിടെ തൊഴിലില്ലാതായി തീരുന്ന ഡ്രൈവറന്മാക്കും കണ്ടക്ടറന്മാർക്കും സ്റ്റേറു് ട്രാൻസ് പോർട്ടിൽ ഉദ്യോഗം കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ഡ്രൈവറന്മാരെ സംബന്ധിച്ചു അവരെ ടെസ്റ്റ് ചെയ്തു അവർക്ക് മുൻഗണന നൽകുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

MR. G. CHNDRASEHARA PILLAI (*Neyyattinkara II—General*) : കൺക്ടറന്മാരെ സംബന്ധിച്ചിടത്തോളം എന്തു നടപടിയാണു് നടത്താൻ ഉദ്ദേശിച്ചിരിക്കുന്നതു്.

HON'BLE MR. K. R. ELANKATH : കണ്ടക്ടറന്മാക്ക് കുറഞ്ഞ പരീക്ഷാ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. അതായതു് സ്കൂൾ ഫൈനൽ. സ്കൂൾ ഫൈനൽ പാസ്സായിട്ടുള്ള ആ ലൈനിലെ കൺടക്ടറന്മാർക്ക് സ്ഥലമന വിഷയത്തിൽ മുൻഗണന നൽകുന്നതാണു്.

MR. EAPEN ARAKKAL : ഡ്രൈവറന്മാരെ സംബന്ധിച്ചിടത്തോളം പരീക്ഷായോഗ്യതകൂടാതെ തന്നെ അവരെ എടുക്കാമല്ലോ?

HON'BLE MR. K. R. ELANKATH . തീർച്ചയായും പാടില്ല, നല്ല പഴക്കമുള്ള ഡ്രൈവറന്മാർ തന്നെ വേണമെന്നു് നിർബന്ധമുണ്ടു്.

MR. ABDUL MAJEED (*Chirayinkil III Muslim*) : കൺടക്ടറന്മാരിൽ സ്കൂൾഫൈനൽ പാസ്സാകാത്തവരായി ഇപ്പോൾ ആരെങ്കിലും ഉണ്ടോ?

HON'BLE MR. K. R. ELANKATH . ആദ്യം കുറെപ്പേരെ മറു സർവീസു കളിൽനിന്നും എടുത്തിട്ടുണ്ടു് പിന്നിടാണു് ഇങ്ങിനെ ഒരു ചട്ടം ഏർപ്പെടുത്തിയതു്. എന്നാൽ അവശസമുദായ അംഗങ്ങളുടെ കാര്യത്തിൽ ഈ രുളിൽനിന്നും അവരെ ഒഴിവാക്കീട്ടുണ്ടു്. ബാക്കിയുള്ളവർ സ്കൂൾ ഫൈനൽ പാസ്സാകണമെന്നാണു് നിയമം.

MR. VARGHESE AUGUSTIN (*Ambalapuzha III General*) : കൺടക്ടറന്മാരിൽ സ്കൂൾഫൈനൽ പാസ്സാകാത്തവർ ഉണ്ടായിരുന്നാൽ എന്തു തരക്കേടാണുള്ളതു്.

HON'BLE MR. K. R. ELANKATH : കണക്കുകൂടും കുഴയും. യാത്രക്കാരോടുള്ള പെരുമാറ്റത്തിൽ കുഴപ്പമുണ്ടാകും. ഇതൊക്കെയാണു .

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON (*Nedumangad I General*) : വളരെക്കാലം പ്രൈവറ്റ് കമ്പനികളിൽ ജോലി ചെയ്തിരുന്നവരെ സംബന്ധിച്ചിടത്തോളം ഈ റൂൾ ഒന്ന് റിലാക്സ് ചെയ്യാമോ ?

HON'BLE MR. K. R. ELANKATH : ചെയ്യാവുന്നതാണ്. അതെപ്പറ്റി ഗവണ്മെൻറ് പരിശോധിക്കാം.

ടാൻസ്പോർട്ട് ദേശീയമാക്കുന്ന നയം.

†*477: MR. S. KUTTAN (*Neyyatinkara I General*) . താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടാൻസ്പോർട്ട് മന്ത്രി സഭയം മറുപടി പറയുമോ?

(എ) ടാൻസ്പോർട്ട് ദേശീയമാക്കുന്ന വിഷയത്തിൽ മെയിൻ റോഡു മുഴുവനും ആദ്യമായി എടുത്തു തീർന്നിട്ടുമാത്രമേ ബ്രാഞ്ചു റോഡുകൾ എടുക്കാവൂ എന്ന് കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ഫൈനൽ മേടം ചെയ്തതിനു- സെക്രട്ടറിയേറ്റിൽവച്ച് കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടില്ലേ?

(ബി) അതു ശരിയാണെങ്കിൽ അതിന് വ് പരീതമായി ഏതെങ്കിലും ബ്രാഞ്ചുറോഡുകൾ ഗവണ്മെൻറിൽനിന്നും ഏറ്റെടുത്തിട്ടുണ്ടോ?

(സി) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ബ്രാഞ്ചുറോഡുകളിൽ ഹെവി ബസ്സുകൾ ഓടിക്കുന്നതിന് പറ്റിയതാണെന്ന് ചീഫ് എൻജിനിയർ സമ്മതിച്ചതിന്ന് ശേഷമാണോ ആ റോഡുകൾ എടുത്തിട്ടുള്ളത്.

HON'BLE MR. K. R. ELANKATH : (a) No.
(b) Does not arise.
(c) Yes.

ടാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർ.

‡*478 MR. S. KUTTAN : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ടാൻസ്പോർട്ടുവകുപ്പുമന്ത്രി സഭയം മറുപടി പറയുമോ?

ടാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിലെ ജീവനക്കാരെ രണ്ടുചേരികളായി പെൻഷനബിൾ സർവ്വീസുകാരെന്നും നാൺപെൻഷനബിൾ സർവീസുകാരെന്നും തരം തിരിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ഈ ചോദ്യത്തിനു ഇന്നലെ ഉത്തരം പറഞ്ഞിട്ടുണ്ട്.

† The member being absent question and answer were placed on the table.
‡ The member being absent question and answer were placed on the table

LIBRARY ARCHIVES Kerala Legislative Assembly